ക്കുടുതലുള്ള ഭൂമി ഒഴികെ ബാക്കിയുള്ളതിന് കരം അടയ്ക്കാൻ സാധിക്കും. അധികമായി കൈവശം വച്ചിരിക്കുന്ന ഭൂമി റവന്യൂ പുറമ്പോക്കാണെങ്കിൽ അത് അനുവദിച്ചുകൊടുക്കാൻ സർവ്വേ ഡിപ്പാർട്ടുമെന്റിന് അധികാരമില്ല. ആ ഭൂമിക്ക് കരമടയ്ക്കാൻ സാധിക്കുകയില്ല. എന്നാൽ നിയമപരമായി കൈവശമുള്ള ഭൂമിക്ക് കരമടയ്ക്കാൻ തടസ്സമില്ല. ഉദുമ നിയോജകമണ്ഡലത്തിലെ സൂപ്പി എന്നയാളുടെ സ്ഥലം 'സർക്കാർ പുറമ്പോക്ക്' എന്ന് രേഖപ്പെടുത്തിയിരിക്കുന്നതുകൊണ്ട് കരമടയ്ക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. അദ്ദേഹം 40 വർഷത്തിലധികമായി താമസിക്കുന്ന സ്ഥലമാണത്, എനിക്ക് നേരിട്ട് ബോധ്യമുള്ള കാര്യമാണ്. ആ വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങളടക്കം പരിശോധിച്ചുവരികയാണ്.

മി. സ്പീക്കർ: ചോദ്യോത്തരവേള അവസാനിച്ചിരിക്കുകയാണ്. ചോദ്യങ്ങൾ ചുരുക്കി ചോദിക്കുകയാണെങ്കിൽ മറ്റുള്ള അംഗങ്ങൾക്കുകൂടി അവസരം ലഭിക്കും. ആരും സഹകരിക്കാത്തതുകൊണ്ടാണ് ഇങ്ങനെ നീണ്ടുപോകുന്നത്.

ഓർഡർ ..... ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പൊതു വിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾ

4(*94) ശ്രീ. സി. മമ്മൂട്ടി :

ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ സമയക്രമത്തിൽ മാറ്റങ്ങൾ വരുത്തുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ;

(ബി) സമയക്രമത്തിലുള്ള മാറ്റം വഴി പൊതുവിദ്യാഭ്യാസ മേഖലയിൽ ലക്ഷ്യമിടുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ;

(സി) സമയമാറ്റം ഉൾപ്പെടെ പൊതു വിദ്യാഭ്യാസ മേഖലയിൽ ഈ സർക്കാർ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ എന്തെല്ലാമാണ്; വിശദീകരിക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ-സി) വിശദമായ ചർച്ചകളിലൂടെ തീരുമാനത്തിലെത്തേണ്ട വിഷയമാണിത്.

LIBRARY ARCHIVES Kerala Legislative Assembly